(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഇപ്പോൾ ഇല്ല. നിർദ്ദിഷ്ട നിയമത്തിൽ ഇതിന് വ്യവസ്ഥ ഏർപ്പെടുത്തുന്നതാണ്.

അൺ എയ്ഡഡ് സ്കൂളുകളിലെ സിലബസ് ഏകീകരണം

*12 [848] ശ്രീ. വി. ചെന്താമരാക്ഷൻ:
,, സാജു പോൾ:
,, മഞ്ഞളാംകുഴി അലി:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകളിലെ സിലബസ് ഏകീകരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) സിലബസ് ഏകീകരണത്തിന്റെ ഭാഗമായി പാഠപുസ്തകങ്ങൾ തയ്യാറാക്കി നൽകുന്നതിനുള്ള ചുമതല സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പാഠപുസ്തകങ്ങൾ പരിശോധിക്കുന്നതിന് ഏതെങ്കിലും സംവിധാനം നിലവിലുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) കേരള സിലബസ് പ്രകാരം പഠനം നടക്കുന്ന അൺ എയ്ഡഡ് സ്കൂളുകളിൽ ഇപ്പോൾ ഏകീകൃത സിലബസാണ് നിലവിലുള്ളത്. അതുകൊണ്ട് സിലബസ് ഏകീകരിക്കേണ്ട പ്രശ്നം ഉദിക്കുന്നില്ല.

(ബി) ബാധകമല്ല.

(സി) കേരള സിലബസ് പ്രകാരമുള്ള എല്ലാ പാഠപുസ്തകങ്ങളും സർക്കാർ നിർദ്ദേശപ്രകാരം എസ്. സി. ഇ.ആർ. ടി. ആണ് തയ്യാറാക്കി നൽകുന്നത്.

(ഡി) പാഠപുസ്തകങ്ങൾ പരിശോധിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും കരിക്കുലം കമ്മിറ്റിയും കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ള ഉപസമിതിയും നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly